# ദേശാഭിമാനി

2014 ഫെബ്രുവരി 11 ചൊവ്വ




മാജിക് പ്ലാനറ്റിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമായി ഗാന്ധിപാർക്കിൽ പ്രിൻസ് ശീൽ വെടിയുണ്ട കടിച്ചു പിടിക്കുന്ന മാജിക് അവതരിപ്പിക്കുന്നു 1. മജീഷ്യൻ ബുള്ളറ്റ് കാണിക്കുന്നു 2. തോക്കിൽ ബുള്ളറ്റ് നിറയ്ക്കുന്നു 3. ആൾക്കൂട്ടത്തിൽ നിന്നു മജീഷ്യന്റെ മരുമകൻ വെടിയുതിർക്കുന്നു 4. മജീഷ്യൻ വെടിയുണ്ട കടിച്ചു പിടിക്കുന്നു 5. കടിച്ചു പിടിച്ച വെടിയുണ്ട കാണിക്കുന്നു

### • മാജിക് പ്ലാനറ്റിന്റെ പ്രഖ്യാപനമായി

# വെടിയുണ്ട കടിച്ചുപിടിച്ച് പ്രിൻസ്; കൈയടിയോടെ കാണികൾ

സ്വന്തം ലേഖകൻ



മാജിക് പ്ലാനറ്റിന്റെ ഔദ്യോഗികപ്രഖ്യാപനം മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി നിർവഹിക്കുന്നു

തിരു: ഗാന്ധിപാർക്കിൽ തിങ്ങിക്കൂടിയ സദസ്സിനിടയിലൂടെ ചീറിപ്പാഞ്ഞുവരുന്ന വെടിയുണ്ട കടിച്ചുപിടിക്കാൻ ഗാന്ധിപ്രതിമയ്ക്കുകീഴിൽ മാന്ത്രികൻ പ്രിൻസ് ശീൽ. ശ്വാസമടക്കിപ്പിടിച്ച് കാണികൾ. നിശ്ശബ്ദത ഭഞ്ജിച്ച് വെടിയൊച്ച മുഴങ്ങി. നൂറു മീറ്ററോളം അകലെ ജനക്കൂട്ടത്തിനിടയിൽനിന്ന് പ്രിൻസ് ശീലിന്റെ മരുമകൻ സുസ്മിത് ബസു വെടിയുതിർത്തു. വേദിയിൽനിന്ന പ്രിൻസ് വെടിയേറ്റു വീണു. കാണികൾക്ക് ആശങ്കയുടെ നിമിഷങ്ങൾ. തറയിൽനിന്ന് പല്ലുകൾക്കിടയിൽ കടിച്ചുപിടിച്ച വെടിയുണ്ടയുമായി പ്രിൻസ് ശീൽ എഴുന്നേൽക്കുമ്പോൾ നിലയ്ക്കാത്ത കൈയടി.

കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ മാജിക് അക്കാദമി തുടങ്ങുന്ന മാജിക് പ്ലാനറ്റിന്റെ പ്രഖ്യാപനച്ചടങ്ങായിരുന്നു വേദി. പരിപാടിയിൽ പങ്കെടുക്കാനെത്തിയ മന്ത്രിമാരായ പി കെ കുഞ്ഞാലിക്കുട്ടി, കെ സി ജോസഫ്, വ്യവസായവകുപ്പ് സെക്രട്ടറി പി എച്ച് കുര്യൻ എന്നിവർ ചേർന്നാണ് തോക്കും തിരയും പരിശോധിച്ചത്. മന്ത്രി കെ സി ജോസഫ് തിരയിൽ അടയാളമിട്ടു. എല്ലാവർക്കും മുന്നിൽ വച്ച് പ്രിൻസ് ശീൽതന്നെ തോക്കിൽ തിര നിറച്ച് മരുമകന് കൈമാറുകയായിരുന്നു. ജനക്കൂട്ടത്തിനിടയിൽ സ്ഥാപിച്ച ചില്ലുപാളി പൊട്ടിച്ചാണ് വെടിയുണ്ട പ്രിൻസിന്റെ പല്ലുകൾക്കിടയിലേക്ക് പാഞ്ഞുവന്നത്.

പ്രിൻസ് കടിച്ചുപിടിച്ചെടുത്തു കൊടുത്ത വെടിയുണ്ട താൻ അടയാളപ്പെടുത്തി നൽകിയ അതേ വെടിയുണ്ട തന്നെയാണെന്ന് മന്ത്രി കെ സി ജോസഫ് സാക്ഷ്യപ്പെടുത്തി. തോക്കിനുള്ളിൽനിന്ന് ആളുകൾക്കു മുന്നിൽവച്ചുതന്നെ ഒഴിഞ്ഞ കാട്രിഡ്ജും പുറത്തെടുത്തു. പരിപാടിക്കുമുമ്പായി തോക്കിന്റെ ലൈസൻസും പരിപാടിക്കിടയിൽ അപകടം സംഭവിച്ചാൽ അതിനുത്തരവാദി താൻ മാത്രമായിരിക്കുമെന്ന് എഴുതി ഒപ്പിട്ട സാക്ഷ്യപത്രവും പ്രിൻസ് ശീൽ മന്ത്രിമാരെ കാണിച്ചിരുന്നു. കൊൽക്കത്ത സ്വദേശിയാണ് പ്രിൻസ്.

മാന്ത്രികപ്രദർശനത്തിനു മുമ്പുനടന്ന ചടങ്ങിൽ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി മാജിക് പ്ലാനറ്റിന്റെ ഔദ്യോഗികപ്രഖ്യാപനം നടത്തി. മാജിക് പ്ലാനറ്റിനെപ്പറ്റിയുള്ള അനിമേറ്റഡ് സിഡി മന്ത്രി കെ സി ജോസഫ് പ്രകാശനം ചെയ്തു. മാജിക് പ്ലാനറ്റിന്റെ ലോഗോ ആയ 'ഹാരി' മന്ത്രി വി എസ് ശിവകുമാർ അനാച്ഛാദനം ചെയ്തു. മാജിക്കിന്റെ ശാസ്ത്രീയതയെപ്പറ്റി സമൂഹത്തെ ബോധ്യപ്പെടുത്തുകയാണ് മാജിക് പ്ലാനറ്റിലൂടെ ലക്ഷ്യമിടുന്നതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് പറഞ്ഞു.

മാജിക് പ്ലാനറ്റ് ഹാരി ഹൂഡിനിയുടെ സ്മരണയ്ക്കായി മാന്ത്രികദിനമായി ആചരിക്കുന്ന ഒക്ടോബർ 31നാണ് കഴക്കൂട്ടം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ തുറക്കുക. 15 കോടിയോളം രൂപയാണ് പദ്ധതിയുടെ ചെലവ്. രാവിലെ 11 മുതൽ വൈകിട്ട് ആറുവരെ നീളുന്ന ഒരു സമ്പൂർണ അനുഭവമായിരിക്കും മാജിക് പ്ലാനറ്റ്. ഒരു ദിവസം 500 പേർക്കു മാത്രമായിരിക്കും ഇവിടെ പ്രവേശനം അനുവദിക്കുക.